സാഹിത്യവാരഫലം

1969/10/12 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1969/10/12-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ജീവിതവസ്തുത ജീവിതസത്യം

ചൈനയിലെ ചാങ് ത്യലിങ് എന്ന കവി എഴുതിയ ഒരു പ്രേമഗാനം കേൾക്കുക:

> “അതാ, മൃദുവായ വെളുത്ത കൈകളിലേയ്ക്കു ചരിഞ്ഞ്, വാതായനത്തിന് അടുത്തിരുന്ന് സ്വപ്നം കാണുന്ന യുവതി... മഞ്ഞനദിയുടെ തീരത്തുള്ള അവളുടെ മഹാസൗധം കണ്ടല്ല ഞാൻ അവളെ സ്നേഹിക്കുന്നത്. ഒരു കൊച്ചരളിയില നദിയിലൂടെ ഒഴുകിവരാൻ വേണ്ടി അവൾ താഴത്തേക്കിട്ടുവെന്നത് കൊണ്ടാണു ഞാൻ അവളെ പ്രേമിക്കുന്നത്... മലകളിലേ മഞ്ഞെന്നപോലെ പുഷ്പിച്ച നിൽക്കുന്ന പീച്ച് വൃക്ഷങ്ങളുടെ സൗരഭ്യം എന്നിലേയ്ക്കു കൊണ്ടുവന്നു എന്നതുകൊണ്ടല്ല ഞാൻ കിഴക്കൻകാറ്റിനെ ഇഷ്ടപ്പെടുന്നത്. ഞാൻ അതിനെ സ്നേഹിക്കുന്നത്, അത് ആ കൊച്ചരളിയിലയെ എന്റെ വഞ്ചിക്കടുത്തേയ്ക്കു കൊണ്ടുവന്നു എന്നതിനാലാണ്... ആ കൊച്ചരളിയില... മോഹനമായ വസന്തം വീണ്ടും പുഷ്പിച്ചുവെന്ന് എന്നെ അനുസ്മരിപ്പിക്കുന്നു എന്നതുകൊണ്ടല്ല ഞാനതിനെ ഇഷ്ടപ്പെടുന്നത്. സ്വപ്നം കാണുന്ന ആ യുവതി സൂചികൊണ്ട് അതിലൊരു പേരു സുഷിരങ്ങളാൽ എഴുതിയിരിക്കുന്നു എന്നതിനാലാണ്—ആ പേര് എന്റെ പേരാണ് എന്നതിനാലാണ്—ഞാനതിനെ ഇഷ്ടപ്പെടുന്നത്.”

ചാങ് ത്യലിങ്

ഭാവസംദൃബ്ധതയും സുസൂക്ഷ്മതയുമാണ് ഈ ഗാനത്തിന്റെ മുദ്രകൾ. ഈ ഗുണങ്ങൾ കവിതയ്ക്കുമാത്രമല്ല അത്യന്താപേക്ഷിതമായിട്ടുള്ളത്. ചെറുകഥയ്ക്കും ശില്പത്തിനും നോവലിനും ചിത്രത്തിനുമൊക്കെ മനോഹാരിത നല്കുന്നത് ഈ ഗുണങ്ങൾ തന്നെ. കലയെസ്സംബന്ധിച്ച ഈ അടിസ്ഥാനതത്ത്വം ശ്രീ. പി. സ്റ്റാൻലി ഗ്രഹിച്ചിട്ടില്ല എന്നതിനു തെളിവ് അദ്ദേഹത്തിന്റെ “മുസ്സോളിനിയുടെ പട്ടി” എന്ന ചെറുകഥ തന്നെ (മലയാളനാട്- ലക്കം 19.) കപ്പലണ്ടിയും പഞ്ചസാര മുട്ടായിയും വില്ക്കുന്ന ഒരു വൃദ്ധനാണ് മുസ്സോളിനി. അയാളുടെ മകളാണ് ഗ്രേസി. മുസ്സോളിനിക്ക് വയസ്സനായ ഒരു പട്ടിയുണ്ട്. ഒരു ദിവസം ഗ്രേസിയും പട്ടിയും ഒരുമിച്ചുകിടന്നു. “അവൾ ഉരുകി, അവൾ പുളഞ്ഞു, അവൾ അഗ്നിയായി. അവളുടെ നഗ്നമായ നാഭിച്ചുഴിയിൽ അവൻ നക്കി” നേരം വെളുത്തപ്പോൾ മുസ്സോളിനിയുടെ പാണ്ടുപിടിച്ച പട്ടി ചത്തുമലച്ചുകിടക്കുന്നു, വായനക്കാരുടെ ഭാഗ്യം കൊണ്ട് കഥാകാരൻ നടന്ന കാര്യം പച്ചയായി പറഞ്ഞില്ല. എങ്കിലും എന്തൊരു മാലിന്യം വലിച്ചുകുട്ടലാണിത്! സാഹിത്യകാരന് അവശ്യം വേണ്ടത് വിവേചനമാണ്, അഭിരുചിയാണ്. ഈ കഥയുടെ “മൃഗീയത”യുടെ നേർക്കല്ല ഞാൻ ഉപലാഭം ചൊരിയുന്നത്. ഇതിന്റെ കലാശൂന്യതയുടെ നേർക്കാണ്. അതാ, അങ്ങകലെ കാണുന്ന നീലനിറമാർന്ന പർവ്വതപംക്തികളിൽ വെള്ളിവെളിച്ചം ഒരു കൊടുമുടിയിൽ നിന്ന് മറ്റൊരു കൊടുമുടിയിലേക്ക് കുതിച്ചുചാടുകയാണ്. അന്തരീക്ഷമാകെ പനിനീർപ്പൂക്കൾ വിടർന്നുനില്ക്കുന്നു, ഈ പ്രകാശവും കാന്തിയും സാഹിത്യത്തിൽനിന്നും നമുക്ക് കിട്ടുന്നില്ലല്ലോ. മുസ്സോളിനിയുടെ പട്ടിയെ വിട്ടിട്ട് ശ്രീ. പവനന്റെ “സന്ന്യാസി”യിലേക്ക് പോയാലോ? സ്റ്റാൻലിയെപ്പോലെ പവനനും ആഖ്യാനപാടവം കാണിക്കുന്നുവെന്ന് നാം പറയും. പക്ഷേ, ആഖ്യാന പാടവംകൊണ്ടുമാത്രം ഒരു കഥയും ഉത്കൃഷ്ടമായിട്ടില്ലല്ലോ. ഒരു സന്ന്യാസി ഒരു സാധുസ്ത്രീയെ ഗർഭിണിയാക്കി. അയാൾ അവൾ താമസിക്കുന്ന വീട്ടിനടുത്ത് സംവത്സരങ്ങൾ കഴിഞ്ഞു വന്നു പാർക്കുന്നു. യജമാനനും കൊച്ചമ്മയും നിർബ്ബന്ധിച്ചിട്ടും അവൾ അയാളുടെ ഭവനത്തിൽ പോകുന്നില്ല. അത് ധിക്കാരമായി അവർ വ്യാഖ്യാനിച്ചപ്പോൾ അവൾ സത്യംപറഞ്ഞു: “സാർ എന്നെ രക്ഷിക്കണം. എന്റെ ഈ കൊച്ചിന്റെ തന്ത ആ കള്ളസ്സന്യാസിയാണ്. അയാൾ ഇനിയും എന്നെ പിഴപ്പിക്കും.” കള്ളസ്സന്യാസിമാരുടെ നേർക്ക് കഥാകാരനുള്ള പുച്ഛം ഈ കഥയിൽ പ്രതിഫലിക്കുന്നുണ്ട്. എങ്കിലും അതു കലയുടെ ലോകത്തേക്കു കടക്കുന്നില്ല. അതിന്റെ കാരണത്തെക്കുറിച്ച് ഞാൻ ആലോചിച്ചുനോക്കി, പറയാനുള്ളത് മുഴുവൻ പറയുന്നതല്ല കല. കലാകാരൻ ജീവിതവസ്തുതയെ പ്രതിഭകൊണ്ട് ജയിച്ചടക്കി ഒരുന്നതമായ ആർജ്ജവത്തോടെ ആവിഷ്കരിക്കണം. അപ്പോൾ അനുവാചകരായ നാം എത്രകണ്ടു ശ്രമിച്ചാലും കാണാൻ കഴിയാത്ത ജീവിതസത്യം കലാകാരൻ കാണും. നമുക്കു വേണ്ടി അദ്ദേഹം അതാവിഷ്കരിക്കും. അതു ദർശിക്കുന്ന നാം അദ്ഭുതാധീനരാകും. ഇതൊന്നും പവനന്റെ കഥയില്ലില്ല.

മുൾക്ക് രാജ് ആനന്ദ്

മുൾക്ക്‌രാജ് ആനന്ദിന്റെ ഒരു ചെറുകഥയെ ഉദാഹരണമാക്കിക്കൊണ്ട് ഞാനിതു വിശദീകരിക്കാം. ഹോളി ഉത്സവം. അതിൽ പങ്കുകൊള്ളാൻ അച്ഛനും മകനും വരികയാണ്. അഞ്ചുവയസ്സ് പ്രായം വരുന്ന ആ കുട്ടി മഴവില്ലിന്റെ മനോഹാരിത കലർന്ന ബലൂണുകൾ കണ്ട് “അച്ഛാ, എനിക്കു ബലൂൺ വേണം” എന്നുപറഞ്ഞു നില്പായി, അച്ഛനാകട്ടെ കോപത്താൽ ജ്വലിക്കുന്ന കണ്ണുകളോടുകൂടി, “വരു കുട്ടി, വരു” എന്നുവിളിച്ചു. അവൻ നടന്നു. മധുരപലഹാരങ്ങൾ വില്ക്കുന്ന സ്ഥലത്തെത്തിയപ്പോൾ അവൻ നിന്നു, “രസഗുള, ജിലേബി, ബൂർഫി” ശബ്ദം ഉയരുകയാണ്. കുട്ടി പറഞ്ഞു: “അച്ഛാ, എനിക്കു ബൂർഫി വേണം,” അച്ഛൻ കോപിഷ്ഠനായ് ശാസിച്ചു. “കടയിലെ പലഹാരം വേണമെന്നു പറയരുതെന്ന് ഞാൻ പറഞ്ഞിട്ടില്ലേ?” കുട്ടി അച്ഛനോടൊരുമിച്ചു നടന്നു. റോസാപ്പൂഹാരം വില്ക്കുന്നിടത്തു വന്നപ്പോൾ അവൻ പറഞ്ഞു, “അച്ഛാ എനിക്കു ഹാരം വേണം” അച്ഛൻ അപ്പോഴും അവനെ ശകാരിച്ചു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും കയറിയിരുന്നു കറങ്ങുന്ന ഒരു ‘കുറക്കി’ന്റെ അടുത്തെത്തിയപ്പോൾ അവൻ പറയുകയായി. “അച്ഛാ, എനിക്കിതിൽ കയറണം. മറുപടിയില്ല. അവൻ തിരിഞ്ഞുനോക്കിയപ്പോൾ അച്ഛനെ കാണാനില്ല. അദ്ദേഹം ആൾക്കൂട്ടത്തിനിടയിൽ എവിടെയോ അകപ്പെട്ടുപോയി. കുട്ടി ഉച്ചത്തിൽ കരയുകയാണ്. അവനെ ആശ്വസിപ്പിക്കാൻ വേണ്ടി പ്രായം കൂടിയ ഒരാൾ അവനെ എടുത്തു. എന്നിട്ടു കുറക്കിന്റെ അടുക്കൽ കൊണ്ടുപോയി ചോദിച്ചു. “കുട്ടി, നിന്നെ ഇതിൽ കയറ്റട്ടേ?’ അവൻ നിലവിളിച്ചുകൊണ്ടു പറഞ്ഞു: “എനിക്കെന്റെ അച്ഛനെ കണ്ടാൽ മതി”. മധുരപലഹാരങ്ങൾ വില്ക്കുന്ന സ്ഥലത്തുചെന്ന് അയാൾ ചോദിച്ചു: “മകനേ, നിനക്ക് ഏതു പലഹാരം വേണം.” അവൻ കരഞ്ഞു പറഞ്ഞു “എനിക്കെന്റെ അച്ഛനെ കണ്ടാൽ മതി,” ഒടുവിൽ ബലൂൺ വില്ക്കുന്നിടത്തുചെന്ന് അയാൾ ചോദിച്ചു. “ഈ ബലൂൺ വാങ്ങിത്തരട്ടോ നിനക്ക്?” തൊണ്ടപൊട്ടുമാറ് നിലവിളിച്ചുകൊണ്ട് അവൻ പറഞ്ഞു: “എനിക്കെന്റെ അച്ഛനെ കണ്ടാൽ മതി.’ ഭാരതീയ സാഹിത്യത്തിന്റെ ശക്തിയെ എനിക്ക് ബോധ്യപ്പെടുത്തിത്തന്ന കഥയാണിത്. ഇതു വായിക്കുമ്പോൾ നാം എത്ര ശ്രമിച്ചാലും കാണാത്ത ഒരു ജീവിതസത്യത്തെ മുൾക്ക് രാജ് ആനന്ദ് നമ്മെ കാണിച്ചു തരികയാണ്. അതു ദർശിച്ചാണ് നമുക്ക് അത്ഭുതം. ഈ ജീവിത സത്യാവിഷ്കരണം ഉന്നതമായ ആർജ്ജവത്താലാണ് ചേതോഹരമാകുന്നത്, സ്റ്റാൻലിയുടേയും പവനന്റെയും കഥകൾക്ക് ഈ ഗുണമില്ല.



മോപ്പസാങ്

അവരുടെ കഥകൾ മാത്രമല്ല ശ്രീ. പി. ആർ. നാഥൻ പട്ടാമ്പിയുടെ ‘നീരാളി’ എന്ന കഥയും (മലയാളനാട്-ലക്കം 19) ജീവിതസത്യത്തിന്റെ ആലേഖനത്താൽ മനോഹരമാകുന്നില്ല. ജീവിതവസ്തുത അവിടെയുണ്ട്. ഒരുദ്യോഗസ്ഥ—നിംഫോമേനിയയുള്ള ഒരു സ്ത്രീ—ഒരു കീഴ്ജീവനക്കാരനെ ലൈംഗികവേഴ്ചയിൽ പങ്കുകൊള്ളിക്കുന്നതിനെ വർണ്ണിക്കുകയാണ് കഥാകാരൻ. ജീവിതവസ്തുതയുടെ പിന്നിൽ ജീവിതസത്യം ഒളിഞ്ഞിരിക്കുന്നു. മുൾക്ക് രാജ് ആനന്ദിനെപ്പോലെയുള്ള ക്രാന്തദർശികളായ കലാകാരന്മാർക്കേ അതു കണ്ടുപിടിക്കാൻ കഴിയൂ. കഥാകാരന്മാർക്ക് ഏതു വിഷയവും കൈകാര്യം ചെയ്യാം. മോപ്പസാങ്ങിന്റെ My land lady എന്ന കഥ ശ്രീ. പി. ആർ. നാഥൻ വായിച്ചുനോക്കട്ടെ. പ്രായംകൂടിയ സ്ത്രീയും ഒരു വിദ്യാർത്ഥിയും തമ്മിലുള്ള ലൈംഗികവേഴ്ചയാണ് അതിലെ പ്രതിപാദ്യം. പക്ഷേ, അനുഗ്രഹീതനായ ആ കലാകാരൻ ആ വിഷയത്തെ കലാസുന്ദരമാക്കി ആവിഷ്കരിക്കുന്നു. സ്ത്രീയുടെ ബുദ്ധിശൂന്യമായ പ്രേമം കണ്ട് സഹതപിക്കുകയും പുരുഷന്റെ ക്രൂരത കണ്ടു ദേഷ്യപ്പെടുകയും ചെയ്യാറുണ്ട് കഥാകൂടുരന്മാർ. മലയാളരാജ്യം വാരികയിൽ (13-ാം ലക്കം) ‘ഫോർമാലിറ്റി’ എന്ന ചെറുകഥ എഴുതിയ ശ്രീ. താണപ്പൻ അങ്ങനെയുള്ള ഒരു കഥാകാരനാണ്. നിഷ്കളങ്കയായ സ്ത്രീ, അവൾ നിർവ്യാജമായി ഒരുവനെ സ്നേഹിച്ചു. അയാളാകട്ടെ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാനുള്ള നിശ്ചയത്തോടെ അവളെ വിട്ടുപോകുന്നു. ഹതഭാഗ്യയായ ആ കാമുകിയുടെ ഉത്കടവികാരങ്ങളെ പ്രശാന്തതയോടെ നിസ്സംഗതയോടെ ആലേഖനം ചെയ്യുന്ന താണപ്പന്റെ കഥ എനിക്കിഷ്ടമായി. ആവർത്തിച്ചു പറയട്ടേ, ആന്തരമായി ദുഃഖിക്കുകയും പൂർവ്വസ്മരണകളിൽ വീണ് തീവ്രവേദന അനുഭവിക്കുകയും ചെയ്യുന്ന ഒരു സാധുസ്ത്രീയെ വികാരത്തിന്റെ പ്രശാന്തതയോടും പ്രശാന്തതയുടെ വൈകാരികത്വത്തോടും ചിത്രീകരിക്കുന്നതിലാണ് ഈ കഥയുടെ വിജയമിരിക്കുന്നത്. ശ്രീ. നിലമ്പൂർ ജയപ്രകാശ് മലയാളരാജ്യം വാരികയിൽ എഴുതിയ ‘നക്ഷത്രമാളിക’ എന്ന ചെറുകഥയ്ക്കു കാവ്യാത്മകമായ ഒരാശയമുണ്ട്. അച്ഛന്റെ മരണം ജനിപ്പിച്ച വിഷാദചിന്തകൾക്ക് അടിമപ്പെട്ടുനില്ക്കുന്ന ഒരു തരുണി സ്വന്തം വിവാഹത്തെക്കുറിച്ചുകൂടി ആലോചിക്കുന്നു. ആ ചിന്തകൾക്ക് കാവ്യാത്മകമായ ഒരു പരിവേഷം നൽകുകയാണ് കഥാകാരൻ. പക്ഷേ, അതിനെ അദ്ദേഹം വേണ്ടരീതിയിൽ വികസിപ്പിച്ചും കൊണ്ടു വന്നിട്ടില്ല. വികാസത്തിനു വളരെയൊന്നും എഴുതേണ്ടതില്ല ‘ഞാനൊരു വൃക്ഷമോ ചെടിയോ ആയിരുന്നെങ്കിൽ വസന്തത്തിന്റെ മൃദുലസ്പർശം ഞാനറിയുമായിരുന്നു. പക്ഷേ, ഞാനൊരു പുരുഷനായതു കൊണ്ട്... എന്റെ ആഹ്ലാദത്തിൽ അത്ഭുതപ്പെടാതിരിക്കും.” ആഹ്ലാദമെന്ന വികാരത്തിന്റെ അത്ഭുതാവഹമായ വികാസമാണ് ഇവിടെ നാം കാണുക:

സേതു

യുവതികൾ സ്വപ്നം കാണുന്നവരല്ലേ? കാണുന്നവരായിരുന്നു എന്നു വേണം പറയാൻ. ഇന്നത്തെ യുവതികൾ ഉജ്ജ്വല ചിന്തകളിൽ മുഴുകുന്നവരാണ്. അവർക്കു സ്വപ്നങ്ങൾ വേണ്ട. അവരുടെ നിശ്ശബ്ദതയും ലജ്ജയും ഒരുകാലത്ത് സംഗീതം പോലെ മനോഹരമായിരുന്നു. ഇന്നു ബഹളം കൂട്ടാൻ, ലജ്ജാരഹിതകളായി നടക്കുവാനാണ് അവർക്ക് കൗതുകം എങ്കിലും, എന്നെപ്പോലെ പ്രതിലോമചിന്താഗതിയുള്ളവർക്കു സ്ത്രീകൾ സ്ത്രീകളായിത്തന്നെ നടക്കണമെന്നാണ് ആഗ്രഹം. മനോഹരമായി വസ്ത്രധാരണം ചെയ്തു, കണ്ണെഴുതി പൊട്ടുതൊട്ട് പൂചൂടിനടക്കുന്ന തരുണി സത്യംതന്നെയാണ്. തലമുടി അനാകർഷകമായി വളച്ചുകെട്ടി പുരുഷന്റെ കോട്ടും ധരിച്ച് സ്റ്റെതോസ്കോപ്പം കറക്കി നടക്കുന്ന തരുണി അസത്യമാണ്. അവൾ രോഗം ഭേദമാക്കുമായിരിക്കും. പക്ഷേ, സത്യമല്ല, സ്വപ്നമല്ല. സ്വപ്നംകാണുന്ന ഒരു യുവതിയെ ശ്രീ. സേതു ‘തമസോ മാ ജ്യോതിർഗ്ഗമയ’ എന്ന ചെറുകഥയിൽ ചിത്രീകരിക്കുന്നു (മാതൃഭൂമി ലക്കം 29). ഒരു ഭാവഗാനംപോലെ മനോഹരമായിരിക്കുന്ന സേതുവിന്റെ ചെറുകഥ. തരുണിയുടെ വികാരങ്ങളെ, ചിന്തകളെ എത്ര കലാത്മകമായിട്ടാണു കഥാകാരൻ സ്ഫുടീകരിക്കുന്നത്!

ഈ ലോകത്ത് ദുസ്സഹമായി പലതുമുണ്ട്. അവയിൽ ഏറ്റവും ദുസ്സഹം ഫലിതോക്തിക്കു വാസനയില്ലാത്തയാൾ ഫലിതം പറയുന്നതാണ്. കുഞ്ഞിനു മാലയും കാതിലിടുന്ന വളയവും ഉണ്ടാക്കാൻ സ്വർണ്ണപ്പണിക്കാരനെ ഏല്പിച്ച മുന്നൂറുരൂപ തിരിച്ചുവാങ്ങാൻ ചെല്ലുന്ന ഒരുവൻ സ്വർണ്ണപ്പണിക്കാരന്റെ കഷ്ടപ്പാടുകണ്ട് കൈയിലിരുന്ന രൂപ അയാൾക്ക് കൊടുത്തിട്ട് തിരിച്ചുവരുന്നതിന്റെ കഥ പറയുകയാണ് ശ്രീ. കെ. വി. ചന്ദ്രശേഖരൻ (ഓപ്പറേഷൻ കുന്ന് എന്ന ചെറുകഥ—മാതൃഭൂമി ലക്കം 29). അക്കഥ അദ്ദേഹം നേരേയങ്ങു പറഞ്ഞാൽ മതിയായിരുന്നു. അതുചെയ്യാതെ ഫലിതാത്മകമായി ആഖ്യാനം നിർവ്വഹിക്കുകയാണ്. ഫലം ദയനീയവും. നർമ്മോക്തിക്ക് കഴിവില്ലാത്തവർ അതിനു വേണ്ടി യത്നിക്കാതിരിക്കട്ടെ.

കവിതയിൽ മാത്രമല്ല ചെറുകഥയിലുമുണ്ട് അത്യന്താധുനികത. “കാമുകി, കവി, ഒരു കത്ത്” എന്നപേരിൽ “കുങ്കുമം വാരിക”യിൽ (ലക്കം 4) ശ്രീ. നാരായണൻകുട്ടി എഴുതിയിരിക്കുന്ന കുറെ വാക്യങ്ങൾ കഥയാണത്രേ. ഞാൻ എന്റെ പരാജയം സമ്മതിക്കുന്നു, “പടച്ചവനാണെ എനിക്കിതു മനസ്സിലായില്ല”. ഈ കഥയുണ്ടെങ്കിലും നാലാം ലക്കം “കുങ്കുമം വാരിക” ശ്രദ്ധേയമാണ്. ശ്രീ. എസ്. കെ. പൊറ്റെക്കാടിന്റെ “ഒരു ദേശത്തിന്റെ കഥ” എന്ന നോവൽ ഇതിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു.

ശ്രീ. കെ. ഏ. അബ്ബാസ്സിന്റെ ആരാധകനല്ല ഈ ലേഖകൻ. കാരണം അബ്ബാസ് ഒരു സൂപ്പർജേർണ്ണലിസ്റ്റ് മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു എന്നതു തന്നെ. എഴുത്തുകാരൻ ഹൃദയത്തിന്റെ അനുശാസനങ്ങളെ നിരാകരിച്ചിട്ട് പ്രജ്ഞയുടെ ആജ്ഞകളെ അനുസരിക്കുകയും പ്രചാരണം പരമലക്ഷ്യമായി കരുതുകയും ചെയ്യുമ്പോൾ അയാൾ ജേർണ്ണലിസ്റ്റായി പ്രത്യക്ഷപ്പെടുന്നു. അബ്ബാസ് അങ്ങനെയുള്ള ഒരു ജേർണ്ണലിസ്റ്റാണ്. വേണമെങ്കിൽ സൂപ്പർ ജേർണ്ണലിസ്റ്റ് എന്നു വിളിക്കാം. ഒക്ടോബർ അഞ്ചാം തീയതിയിലെ “ജനയുഗം” വാരികയിൽ പരസ്യപ്പെടുത്തിയിട്ടുള്ള “പതിമ്മൂന്നാമത്തെ ബലിമൃഗം” എന്ന കഥ ഈ സത്യത്തെ നിഷേധിക്കുന്നില്ല. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരു കൊലപ്പുള്ളി ഓടിപ്പോയി. അവൻ നിയമപാലകരുടെ വെടിയേറ്റു. അവൻ മരിച്ചുപോകുമെന്നു കണ്ടപ്പോൾ അവന്റെ ഹൃദയം മാറ്റിവച്ച് രക്ഷപ്പെടുത്തി. പിന്നീട് അവനെ തൂക്കിക്കൊല്ലും, നിയമത്തിന്റെ കർക്കശസ്വഭാവത്തെ പരിഹസിക്കുകയാണ് അബ്ബാസ്. കഥയ്ക്ക് പ്രതിരൂപാത്മക സ്വഭാവവുമുണ്ട്. എങ്കിലും മോപ്പസാങ്ങിന്റെയോ, ചെക്കോവിന്റെയോ, ഗോർക്കിയുടെയോ ടാഗോറിന്റെയോ കഥകൾ വായിക്കുമ്പോഴുണ്ടാകുന്ന രസാനുഭൂതി ഈ കഥ വായിക്കുമ്പോൾ ഉണ്ടാകുന്നില്ല, പ്രജ്ഞയ്ക്ക് സംതൃപ്തി ലഭിക്കുന്നുണ്ടുതാനും. നമ്മെ ഭാവനയുടെ സാമ്രാജ്യത്തിലേക്ക് നയിക്കാത്ത ചെറുകഥ ‘ജേർണ്ണലിസം’ തന്നെ. പത്താംലക്കം ‘ദേശാഭിമാനി’യിലെ രണ്ടു ചെറുകഥകളും (വെളിച്ചത്തിന്റെ ശത്രുക്കൾ—ശ്രീ. ജോസഫ് പുത്തൻതറ, ബലി—ശ്രീ. പി. കെ. നടുവണ്ണൂർ) കലയുടെ ശോഭ ആവഹിക്കുന്നില്ല. കലയിൽ ഒതുങ്ങിയിരിക്കണം പ്രചാരണമെന്ന തത്ത്വം ആ കഥാകാരന്മാർ വിസ്മരിച്ചിരിക്കുന്നു. പ്രചാരണത്തിൽ തൽപരത്വമില്ലെങ്കിലും കഥ പരാജയപ്പെടുമെന്നതിനു മതിയായ ഒരുദാഹരണമുണ്ട് കേരളശബ്ദം വാരികയിൽ (ഒക്ടോബർ 5) ശ്രീ. ഏ. പി. കളയ്ക്കാട്ട് എഴുതിയ ‘പാശുപതം’ എന്ന ചെറുകഥയെക്കുറിച്ചാണ് ഞാൻ പറയുന്നത്. കിഴവനായിട്ടും കലയിലുള്ള താൽപര്യം നശിക്കാത്ത ഒരു കഥകളി നടനെയാണ് കഥാകാരൻ അവതരിപ്പിക്കുന്നത്. ഒടുവിൽ അയാൾ നിലവിളക്കിന്റെ മുൻപിൽ തകർന്നു വീഴുന്നു. ആ വീഴ്ചയോ അതിനുമുൻപുള്ള അയാളുടെ ജീവിതമോ നമ്മെ സ്പർശിക്കുന്നില്ല. കഥാകാരൻ കഥാപാത്രങ്ങൾക്ക് ജീവൻ നല്കണം, പ്രതിഭയുള്ളവർക്കേ അതിനു കഴിയൂ. ഈ ആഴ്ചയിലെ കൗമുദി വാരികയിൽ ഒരു കൊച്ചുകഥയേയുള്ളൂ. ശ്രീ. ഓമനക്കുട്ടൻ എഴുതിയ ‘ട്രിവാൻഡ്രം’ തിരുവനന്തപുരത്തെ കപടജീവിതത്തെ പരിഹസിക്കുന്നു.

കവിതയെ സ്നേഹിക്കുന്നവരുണ്ട്, അതിരു കടന്നു സ്നേഹിക്കുന്നവരുണ്ട്. അതിരുകടന്നു സ്നേഹിക്കുന്നവർ പ്രേമഭാജനത്തിന്റെ വൈകല്യങ്ങളെ കാണാറില്ലല്ലോ. എനിക്കു കവിതയോടു സ്നേഹമേയുള്ളു. എന്നിട്ടും ശ്രീരേഖയുടെ “കസവുണ്ടോ കസവ്” എന്ന കവിത (ജനയുഗം വാരിക) എനിക്ക് ആദരണീയമായി ഭവിച്ചു. എന്റെ പ്രിയപ്പെട്ട ശിഷ്യനായ ശ്രീരേഖയുടെ കാവ്യത്തിലെ പ്രചാരണാംശത്തിലേക്ക് ഞാൻ കണ്ണടച്ചുകളഞ്ഞോ? ഇല്ല. യഥാർത്ഥമായ കാവ്യപ്രചോദനം ശ്രീരേഖയ്ക്കുണ്ടെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ അദ്ദേഹത്തിന്റെ കവിതയെ മാനിച്ചത്. ത്യാഗത്തിന്റെ മൂർത്തിമദ്ഭാവമായ യേശുവിനെ അദ്ദേഹം വാഴ്ത്തുന്നു. ക്രൂരത പ്രകടിപ്പിക്കുന്ന പുരോഹിതവർഗ്ഗത്തെ അദ്ദേഹം നിന്ദിക്കുന്നു. ആ സ്തുതിയിലും നിന്ദയിലും കലാപരമായ ആവശ്യകതയ്ക്കു മതിതമായ വാചാലതയുണ്ട്. എങ്കിലും ശ്രീരേഖ എഴുതിയിരിക്കുന്നത് കവിതയാണ്. മഹാത്മാ ഗാന്ധിയെക്കുറിച്ച് ശ്രീ. എം. പി. അപ്പൻ മലയാളരാജ്യത്തിൽ എഴുതിയ “ആ മനോവിശുദ്ധി” പ്രശാന്തവും മൃദുലവുമായ ഒരു വികാരത്തിന് ആവിഷ്കാരം നല്കുന്നു.

എം. പി. അപ്പൻ

‘ജനയുഗം’, ‘മലയാളരാജ്യം’, ‘മാതൃഭൂമി’ തുടങ്ങിയ വാരികകൾ ഒരു സത്യം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. നമുക്കു ചെറുകഥകളും തുടർക്കഥകളും മതി. സാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങൾ വേണ്ടേ വേണ്ട! നിരൂപണത്തിനു വിധേയമാകാത്ത സാഹിത്യകൃതികളാണോ ഇപ്പോൾ ഉണ്ടാകുന്നത്? അതുകൊണ്ടാണോ ഈ അനാസ്ഥ? ആണെങ്കിൽ അതിനെക്കാൾ ദയനീയമായി വേറെന്തുണ്ട്?

ഭൗതിക പുരോഗതിയെക്കാൾ ആധ്യാത്മിക പുരോഗതിക്കു പ്രാധാന്യമുണ്ടെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ, ആ ആധ്യാത്മിക പുരോഗതിക്കു ഗ്രന്ഥങ്ങളും കലാപ്രദർശനങ്ങളും പ്രയോജനപ്പെടും. അതുകൊണ്ടാണ് കഴിഞ്ഞായാഴ്ച കൊല്ലം ശ്രീനാരായണ വനിതാ കോളേജിൽ നടന്ന ചില കലാപരിപാടികൾക്കു പ്രാധാന്യമുണ്ടെന്ന് ഞാൻ പറയുന്നത്. വള്ളത്തോളിന്റെ ‘ശിഷ്യനും മകനും’, ‘അച്ഛനും മകളും’ എന്നീ കാവ്യങ്ങളെ നൃത്യനാടകമായി ആ കോളേജിലവതരിപ്പിച്ചു. ഇത്രമാത്രം അനുഗ്രഹീതകളായ പെൺകുട്ടികൾ ആ കലാലയത്തിലുണ്ടല്ലോ? അവരെ കണ്ടുപിടിച്ച് അവരുടെ പ്രാഗല്ഭ്യം പ്രേക്ഷകർക്ക് വ്യക്തമാക്കിക്കൊടുത്ത കലാശാലാധികൃതർ അഭിനന്ദനം അർഹിക്കുന്നു. ശകുന്തളയായി അഭിനയിച്ച മഞ്ജുള (II D. C.) ആ വേദിയിൽ നിന്നത് കുറച്ചുനേരത്തേക്കുമാത്രം. പക്ഷേ, ആ പെൺകുട്ടി കാളിദാസ കവിതയുടെ നവീനത വർദ്ധിപ്പിച്ചുകൊണ്ട് പ്രേക്ഷകഹൃദയത്തിൽ ശാശ്വതമായി നില്ക്കുന്നു. വിശ്വാമിത്രനായി അഭിനയിച്ച ശശികലയും മഞ്ജുളയെപ്പോലെ അനുഗ്രഹീതതന്നെ. ഭൂമിയുടെ ചൈതന്യം പുഷ്പങ്ങൾക്കു നിറമിയറ്റുന്നതുപോലെ ഈ രണ്ടുപെൺകുട്ടികളുടെയും കലാചൈതന്യം അവർ പ്രാതിനിധ്യം വഹിച്ച കഥാപാത്രങ്ങൾക്കു വർണ്ണോജ്ജ്വലത നല്കുന്നു.

“താങ്കൾ നല്ല കഥകളൊക്കെ ചീത്തയാണെന്ന് എഴുതുന്നു: ചീത്തക്കഥകളൊക്കെ നല്ലതാണെന്നു എഴുതുന്നു”. എനിക്ക് ഒരു വിദ്യാർത്ഥിനി—പ്രീഡിഗ്രി ക്ലാസ്സിൽ പഠിക്കുന്ന ഒരു വിവരവുമില്ലാത്ത ഒരു കൊച്ചുകുട്ടി—എഴുതി അയച്ച കത്തിലെ വാക്യമാണിത്. അജ്ഞയായ ഒരു കുട്ടിയുടെ നിരർത്ഥകങ്ങളായ വാക്കുകൾ എന്ന നിലയിൽ ഞാൻ ഇവയെ അവഗണിക്കുന്നു. ഇനി ഒരു പക്ഷേ, പ്രായം കൂടിയവർക്കും ഇങ്ങനെ തോന്നുന്നുണ്ടെങ്കിലോ? അവർക്കു വേണ്ടി ഞാനിത്രയും പറഞ്ഞുകൊള്ളട്ടെ. “നമ്മുടെ ചെറുകഥാപ്രസ്ഥാനം പാശ്ചാത്യ സാഹിത്യത്തിൽനിന്നു രൂപം കൊണ്ടതാണ്. അതിനാൽ അവിടുത്തെ ഉജ്ജ്വല മാതൃകകളെ മനസ്സിൽ കണ്ടുകൊണ്ടുവേണം നമ്മുടെ കഥകളുടെ മൂല്യം നിർണ്ണയിക്കാൻ. സാഹിത്യത്തിന്റെ നിയമങ്ങൾ ഏതു രാജ്യത്തും ഒന്നാണ്. അതിനാൽ മലയാള ചെറുകഥാ സാഹിത്യത്തെ പ്രത്യേകമായി കാണണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ഒരു വസ്തുത കൂടി, രണ്ടു ഹൃദയങ്ങൾ ഒരേ രീതിയിൽ സ്പന്ദിക്കാറില്ല. സാഹിത്യ നിരൂപണത്തിലെ പ്രാഥമിക പാഠമാണത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന്ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.